ഏകോപിപ്പിച്ച് അറ്റകുറ്റപണികൾ നടത്തുന്നതിനാൽ ഇതിനുവേണ്ടി ലൈനുകൾ ഓഫാക്കേണ്ടി വരുന്ന അവസരങ്ങൾ കുറയ്ക്കുവാനും കഴിയുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നു. നഗരങ്ങളിലെ ഇ.എച്ച്.ടി. സബ് സ്റ്റേഷനുകൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുക, റിംഗ് മെയിൻ യൂണിറ്റുകൾ സ്ഥാപിക്കുക തുടങ്ങിയവ വഴി നഗരങ്ങളിൽ ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ ലഘൂകരിക്കുകയാണ് ഉദ്ദേശം. കേബിൾ തകരാറുകൾ കണ്ടു പിടിക്കുന്നതിനുള്ള സംവിധാനം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരത്തിൽ ഉണ്ട്. ഇതിന്റെ സേവനം മറ്റു നഗരങ്ങളിലും ലഭ്യമാണ്.

(സി) വൈദ്യുതി തകരാറുകൾ ഉടനടി പരിഹരിക്കുന്നതിനുവേണ്ടി തിരുവനന്തപുരം നഗരത്തിൽ ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നു.

(ഡി&ഇ) കേന്ദ്ര വിവരസാങ്കേതിക മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ ഇ. ആർ. ആന്റ് ഡി. സി. യുമായി ചേർന്നാണ് തിരുവനന്തപുരം നഗരത്തിൽ ഡിസ്ട്രിബ്യൂഷൻ ആട്ടോമേഷൻ പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

(എഫ്) മറ്റു നഗരങ്ങിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ജി) ആവശ്യമാണ്. തിരുവനന്തപുരത്ത് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി 11 കെ.വി കേബിളുകൾ, പുതുതായും താഴ്ന്ന കപ്പാസിറ്റിയുള്ള പഴയ കേബിളുകൾക്ക് പകരമായും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

സ്പോട്ട് ബില്ലിംഗ്

17(*46) ശ്രീ. എം. ദാസൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം സ്പോട്ട് ബില്ലിംഗ് സംവിധാനം പൂർണ്ണമായും ഏർപ്പെടുത്തുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) സ്പോട്ട് ബില്ലിംഗ് സംവിധാനത്തിന്റെ പ്രയോജനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്പോട്ട് ബില്ലിംഗ് സംവിധാനം സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആദ്യമായി നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES.Kerala Legislative Assembly

(ഇ) സംസ്ഥാനത്തൊട്ടാകെ സ്പോട്ട് ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ ജീവനക്കാരുടെ ലഭ്യത, മറ്റ് ഓഫീസ് ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് സ്പോട്ട് ബില്ലിംഗ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) 1-1-2001 മുതൽ സംസ്ഥാനമൊട്ടാകെ സ്പോട്ട് ബില്ലിംഗ് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 1-1-2001 മുതൽ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന സെക്ഷനുകളുടെ പരിധിയിൽ വരുന്ന എല്ലാ ഉപഭോക്താക്കളുടെയും "കട്ട്-ഓഫ് മീറ്റർ റീഡിംഗ്" 31-12-2000-ത്തിനകം എടുത്ത് അവർക്ക് അതുവരെയുള്ള ഉപഭോഗത്തിന് ബില്ല് നൽകാനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി)

1. സ്പോട്ട് ബില്ലിംഗ്മൂലം ഉപഭോക്താക്കൾക്ക് അവർ ഉപയോഗിക്കുന്ന കറണ്ടിനു മാത്രം ചാർജ് നൽകിയാൽ മതിയാകുന്നു.

2. ഉപഭോഗം കണക്കാക്കി രണ്ട് മാസത്തിലൊരിക്കൽ ബില്ല് നല്കുന്നതിനാൽ ഉപഭോക്താക്കളുടെ പരാതി കുറയുന്നു.

3. ഉപഭോക്താക്കൾക്ക് റീഡിംഗ് എടുത്ത് ഉടനെതന്നെ ബില്ല് നൽകുന്നതിനാൽ വിശ്വാസ്യത വർദ്ധിക്കുകയും, ബിൽ കിട്ടിയില്ല, താമസിച്ചുപോയി തുടങ്ങിയ പരാതികൾ ഇല്ലാതാകുകയും ചെയ്യുന്നു.

4. മീറ്റർ റീഡിംഗിലുള്ള അപാകതൾ കുറയും.

5. ബില്ല് അടയ്ക്കുവാൻ കൂടുതൽ സമയം കിട്ടുന്നതിനാൽ കൗണ്ടറിലെ തിരക്ക് കുറയുന്നു.

6. അഡീഷണൽ ബില്ലുകൾ ഇല്ലാതാവുന്നു.

7. കൃത്യമായി രണ്ട് മാസത്തിനുള്ളിൽ റീഡിംഗ് എടുക്കുന്നതിനാൽ അനധികൃതമായ വൈദ്യുതി ഉപഭോഗവും മോഷണവും കുറയുന്നു.

(ഡി) 1990-ൽ പരീക്ഷണാടിസ്ഥാനത്തിൽ 26 ഇലക്ട്രിക്കൽ മേജർ സെക്ഷനുകളിലും 4 ഇലക്ട്രിക്കൽ സാറ്റലൈറ്റ് സെക്ഷനുകളിലും സ്പോട്ട് ബില്ലിംഗ് നടപ്പിലാക്കി. ഈ സെക്ഷനുകളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജീവനക്കാർ, മറ്റ് ഓഫീസ് ക്രമീകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം ബോർഡിന് നൽകിയിട്ടുണ്ട്.

(എഫ്) സ്പോട്ട് ബില്ലിംഗ് സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കാനായി കംപ്യൂട്ടർവൽക്കരണപദ്ധതി നടപ്പിലാക്കാൻ ബോർഡിന് ഉദ്ദേശമുണ്ട്. കംപ്യൂട്ടർ ഉപയോഗിച്ചുള്ള സ്പോട്ട് ബില്ലുകൾ, ഡിമാന്റ് കളക്ഷൻ, സ്റ്റേറ്റ്മെന്റ് എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 5 സെക്ഷനുകളിൽ നടപ്പിലാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

ജപ്പാൻ സഹായത്തോടുകൂടി സംസ്ഥാനത്ത് ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതികൾ

18(*47) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടെ ഒ.ഇ.സി.എഫ് സംസ്ഥാനത്ത് ആരംഭിക്കാൻ അനുമതി ലഭിച്ച ശുദ്ധജലവിതരണ പദ്ധതി ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; ഇത് സംബന്ധമായി സി.ബി.ഐ. എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) കേരള വാട്ടർ അതോറിറ്റി എത്ര ഫയലുകൾ സി.ബി.ഐ. യുടെ പരിശോധനയ്ക്ക് നൽകി ; സി.ബി.ഐ. ആവശ്യപ്പെട്ട മുഴുവൻ ഫയലുകളും വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധമായ കേസ് നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള):

(എ) ഒ.ഇ.സി.എഫും കേന്ദ്രഗവൺമെന്റും തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് കൺസൾട്ടിന്റിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടന്റിന്റെ നിയമനം പൂർത്തീകരിക്കാത്തതാണ് പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം. ഇത് സംബന്ധിച്ച് സി.ബി.ഐ. ഉദ്യോഗസ്ഥർ ഒരു പെറ്റീഷന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയിലെ ചില ഫയലുകൾ പരിശോധിക്കുകയുണ്ടായി.

(ബി&സി) ഒ.ഇ.സി.എഫ് പദ്ധതികളുടെ നിർവ്വഹണത്തിനായുള്ള കൺസൾട്ടന്റിന്റെ നിയമനം സംബന്ധിച്ച ജല അതോറിറ്റിയുടെ ചില ഫയലുകൾ സി.ബി.ഐ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ട്. എന്നാൽ രേഖാമൂലം ആവശ്യപ്പെട്ട ഫയലിലെ രേഖകൾ കൈമാറിയിട്ടില്ല. പെറ്റീഷന്റെ പുറത്തുള്ള അന്വേഷണമായതിനാലും ഗവൺമെന്റ് ബോണ്ടുകളുടെ നിർദ്ദേശമില്ലാത്തതുകൊണ്ടുമാണ് ഫയലുകൾ കൈമാറാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2. പ്രസരണരംഗത്ത് താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ആറ് 220 കെ. വി. സബ് സ്റ്റേഷനുകളും ഇരുപത്തിയഞ്ച് 110 കെ. വി. സബ് സ്റ്റേഷനുകളും മൂന്ന് 66 കെ. വി. സബ് സ്റ്റേഷനുകളും അവയുടെ അനുബന്ധ ലൈനുകളും കമ്മീഷൻ ചെയ്ത് കഴിഞ്ഞിട്ടുണ്ട്.

കമ്മീഷൻ ചെയ്ത 220 കെ. വി. സബ് സ്റ്റേഷനുകൾ താഴെ പറയുന്നവയാണ്.

കഞ്ചിക്കോട്, കാഞ്ഞിരോട്, മൈലാട്ടി, അരീക്കോട്, ബ്രഹ്മപുരം, ന്യൂപള്ളം.

കമ്മീഷൻ ചെയ്ത 110 കെ. വി. സബ് സ്റ്റേഷനുകൾ താഴെ പറയുന്നവയാണ്.

വെല്ലിംഗ്ടൺ ഐലന്റ്, മെഡിക്കൽ കോളേജ് - തിരുവനന്തപുരം, കൊട്ടിയം, അരുവിക്കര, കിളിമാനൂർ, അടിമാലി, ടെക്നോപാർക്ക്, കായംകുളം, പഴയന്നൂർ, പഴയങ്ങാടി, മഞ്ചേശ്വർ, കുന്നമംഗലം, കടവന്ത്ര, തളിപ്പറമ്പ്, അഴിക്കോട്, പാറശ്ശാല, മല്ലപ്പള്ളി, കുറ്റിപ്പുറം, ചെറുപുഴ, വടക്കാഞ്ചേരി, എടയാർ, തിരൂർ, കുറ്റനാട്, തിരുമല, ചേർപ്പ്, വലപ്പാട്.

കമ്മീഷൻ ചെയ്ത 66 കെ. വി. സബ് സ്റ്റേഷനുകൾ താഴെ പറയുന്നവയാണ്.

മുണ്ടക്കയം, ശ്രീകണ്ഠാപുരം, പമ്പ.

3. വിതരണരംഗത്ത് 3639 കി.മീറ്റർ 11 കെ. വി. ലൈനും 54,905 കി.മീറ്റർ എൽ.റ്റി. ലൈനും, 5853 ട്രാൻസ്ഫോർമറുകളും ഈ കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ ഏകദേശം 15 ലക്ഷം കണക്ഷനുകളും നൽകിയിട്ടുണ്ട്.

അനുബന്ധം - III

[19-12-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 17 (*46)-ന്റെ 'ഡി' ഉത്തരം ദയവായി കാണുക]

1990-ൽ സ്പോട്ട് ബില്ലിംഗ് നടപ്പാക്കിയ സെക്ഷനുകൾ

നമ്പർ	സെക്ഷൻ
1	പേട്ട
2	പൂജപ്പുര
3	ശക്തികുളങ്ങര
4	പെരിനാട്
5	വെളിയം

LIBRARY ARCHIVES Kerala Legislative Assembly

6	പത്തനംതിട്ട
7	കുമ്പഴ
8	ആലപ്പുഴ (നോർത്ത്)
9	ആലപ്പുഴ (ടൗൺ)
10	കോട്ടയം (സെൻട്രൽ)
11	കോട്ടയം (ഈസ്റ്റ്)
12	പാമ്പാടി
13	പൈനാവ്
14	മൂലമറ്റം
15	ഗിരിനഗർ
16	സെൻട്രൽ
17	കൊടുങ്ങല്ലൂർ - I
18	കൊടുങ്ങല്ലൂർ - II
19	സുൽത്താൻപ്പെട്ട്
20	ബിഗ് ബസാർ
21	കൊണ്ടോട്ടി
22	അലത്തിയൂർ
23	വെസ്റ്റ് ഹിൽ
24	കല്ലായി
25	നടക്കാവ്
26	ബീച്ച്
27	ധർമ്മടം
28	പാനൂർ
29	മാനന്തവാടി
30	കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly